10-03-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/03/2022.

1. ഹോർട്ടികോർപ്പ് കെ.എസ്.ആർ.ടി.സി യുമായി സഹകരിച്ച് ആരംഭിക്കുന്ന ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകളുടെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 05.30-ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് തിരുവനന്തപുരം കിഴക്കേകോട്ട ഹോർട്ടികോർപ്പ് ഔട്ട്ലെറ്റിനു സമീപം വച്ച് നിർവഹിയ്ക്കുന്നു.

2. ചടയമംഗലം സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രവും, തിരുവനന്തപുരം, പാറോട്ടുകോണം സംസ്ഥാന സോയിൽ മ്യൂസിയവും സംയുക്തമായി **ആലപ്പുഴ ജില്ലയിലെ പ്രശ്നബാധിത മണ്ണിനങ്ങളുടെ പരിപാലനം** എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലയുടെ ഉദ്ഘാടനം ഈ മാസം 12-ന് രാവിലെ 10 മണിക്ക് ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ആഡിറ്റോറിയത്തിൽ കൂടുന്ന യോഗത്തിൽ വച്ച് കാർഷിക വികസന കർഷകക്ഷേമവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. ശില്പശാലയിൽ **മണ്ണാരോഗ്യ കാർഡ് വിതരണവും മണ്ണിനെ അറിയാം മൊബൈലിലൂടെ (MAM)** എന്ന **മൊബൈൽ ആപ്ലിക്കേഷൻ** പരിചയപ്പെടുത്തലും ഉണ്ടായിരിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് നാളെ (മാർച്ച് 11-ന്) കാർഷിക ശാസ്ത്ര പ്രദർശനവും സംഘടിപ്പിച്ചിരിക്കുന്നു.

3. കാർഷിക മേഖലയിൽ നിന്നുള്ള കാർബൺ പുറംതള്ളൽ ക്രമേണ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഈ വർഷം മുതൽ **കാർബൺ തുലിതാകൃഷി രീതി** പ്രചാരത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് കൃഷിവകുപ്പ് ആരംഭിച്ചിരിക്കുകയാണ്. ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ നാളെ (11/03/2022 ന്) ഉച്ചയ്ക്ക് മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2318186 എന്ന ഫോൺ നമ്പറിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള വെറ്ററിനറി സർവ്വകലാശാല, മണ്ണുത്തി വെറ്ററിനറി കോളേജിൽ വിവിധ ഗവേഷണ പദ്ധതികളിൽ **റിസർച്ച് അസിസ്റ്റന്റ്, പ്രൊജക്ട് ഫെല്ലോ, ലാബ് അസിസ്റ്റന്റ്** എന്നീ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നു. ഇതിലേക്കായി **മണ്ണുത്തി വെറ്ററിനറി കോളേജിൽ** വച്ച് നാളെ (11.03.2022 ന്) രാവിലെ 10 മണിയ്ക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. യോഗ്യതയും മറ്റു വിശദാംശങ്ങളും www.kvasu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487–2370344** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. .

5. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ആവശ്യമുള്ളവർ **0479–2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

6. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കോഴിവസന്തയ്ക്കും, താറാവ് വസന്തയ്ക്കും എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് തീവ്രയജ്ഞം സംസ്ഥാനമൊട്ടാകെ നടന്നുവരുന്നു. 36 ദിവസം പൂർത്തിയായ കോഴികളേയും താറാവുകളേയും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള സംവിധാനം മൃഗാശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽനിന്ന് നടീൽവസ്തുക്കൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽ നിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, 430, 414, 417, 422 എന്നിവയുടെ കപ്പുതൈകൾ, കൂടത്തൈകൾ, ഒട്ടുതൈക്കുറ്റികൾ, ഒട്ടുകമ്പുകൾ എന്നിവയാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ അപേക്ഷ നൽകണം. അപേക്ഷാഫോറം ബോർഡിന്റെ ഓഫീസുകളിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ലഭ്യമാണ്. കൂടാതെ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 – 2576622** എന്ന ഫോൺ നമ്പരിൽ റബ്ബർബോർഡ് കോൾസെന്ററുമായോ **8848880279** എന്ന ഫോൺ നമ്പരിൽ സെൻട്രൽ നഴ്സറിയുമായോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (മാർച്ച് 10 ന്) രാവിലെ 11 മണിക്ക് **ജൈവസർട്ടിഫിക്കേഷൻ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

9. ഇന്ന് രാവിലെ 10 മണിക്ക് കോട്ടയം ജില്ലയിലെ വെച്ചൂർ ശാസ്തകുളം എസ്.എൻ.ഡി.പി ഹാളിൽ വച്ച് കേരള കർഷകൻ റീഡേഴ്സ് ഫോറവും **കാർഷിക കലണ്ടർ നെൽകൃഷിയിൽ** എന്ന വിഷയത്തെ ആധാരമാക്കി കാർഷിക സെമിനാറും സംഘടിപ്പിക്കുന്നു.

10. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി മാർച്ച് 21 ന് തുടങ്ങുന്നു. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്.. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **9497353389, 9567190858, 7559070461** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിന്റെ നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ് രീതികൾ** എന്നിവയിൽ

പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ഈ മാസം 15-ന് (മാർച്ച് 15-ന്) നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം